നം. വൈ(2)/25000/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 20/08/2019

# സർക്കുലർ

വിഷയം :- പൊ.വി. - സ്കൂൾ കലോത്സവം- 2019-20- ഫണ്ട് സ്വരൂപീകരണവും, നടത്തിപ്പും - സംബന്ധിച്ച്.

സൂചന :- സർക്കാർ കത്ത് നം. എൻ(3)/55/2016/പൊ.വി.വ. തീയതി 26/10/2016.

2019-20 വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവം കാഞ്ഞങ്ങാട് വച്ച് 2019 നവംബർ 28 മുതൽ ഡിസംബർ 1 വരെ നടത്തുവാൻ പൊതുവിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിരിക്കുന്നു. ഇതിന് മുന്നോടിയായി സ്കൂൾ, സബ്ജില്ലാ, റവന്യൂജില്ലാതല മത്സരങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. സ്കൂൾതല മത്സരങ്ങൾ സെപ്റ്റംബർ 17 മുതൽ 30 വരെയും, സബ്ജില്ലാതല കലോത്സവം ഒക്ടോബർ 31 ന് മുമ്പും, ജില്ലാതല മത്സരങ്ങൾ നവംബർ 10 മുതൽ 20 വരെയുള്ള തീയതിക്കുള്ളിലും പൂർത്തിയാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകുന്നു. കലോത്സവ നടത്തിപ്പിനാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**എ)** കേരള വിദ്യാഭ്യാസ അവകാശ നിയമവും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനും 1 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികളിൽ നിന്നും യാതൊരുവിധ തുകയും പിരിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ഈ വിഭാഗം കുട്ടികളിൽ നിന്നും ഒരു തുകയും പിരിക്കേണ്ടതില്ല.

ബി) സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ്/അംഗീകൃത അൺ-എയ്ഡഡ് സ്കൂളികളിൽ 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളിൽ നിന്നും സ്പെഷ്യൽ ഫീസിനോടൊപ്പം സ്വരൂപിക്കുന്ന ഫെസ്റ്റിവൽ ഫണ്ടിനത്തിലെ 2/- രൂപയും സംഭാവനയായി 5/- രൂപ വീതവും സ്വരൂപിച്ച് ആകെ 7/- രൂപ **പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറേണ്ടതാണ്.**

**സി)** ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗങ്ങളിലെ വിദ്യാർത്ഥികളിൽ നിന്നും ശേഖരിക്കുന്ന 50/- രൂപയിൽ നിന്ന് സ്കൂൾതല കലോത്സവത്തിന്റെ ചെലവുകൾക്കായി 8/- രൂപ സ്കൂളിൽ സൂക്ഷിച്ച്, ബാക്കി 42/- രൂപ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതാണ്.

## തുക കൈമാറേണ്ട/അടയ്ക്കേണ്ട വിധം

തുക പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറേണ്ടത് ഓൺലൈൻ സംവിധാനത്തിലൂടെ ആയിരിക്കണം. മറ്റ് ഒരു ഇടപാടുകളിലുടെയും പണം സ്വീകരിക്കുന്നതല്ല. ഇതിലേക്കായി **പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,**

ജഗതി ബ്രാഞ്ചിലുള്ള ബാങ്ക് അക്കൗണ്ട് നമ്പർ 67387652992 കലോത്സവ ഫണ്ട്, IFSC Code No. SBIN0070568 ലേക്ക് ഓൺലൈനായി ചെല്ലാൻ ജനറേറ്റ് ചെയ്ത് അതാത് സ്കൂൾ മേധാവികൾ നേരിട്ട് തുക അടക്കേണ്ടതാണ്.

സ്കൂളുകൾക്ക് ടി തുക കലോത്സവഫണ്ടിൽ അടയ്ക്കുന്നതിനുള്ള ഓൺലൈൻ സംവിധാനത്തിന്റെ ലിങ്ക് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിലും ലഭ്യമാണ്. ഓൺലൈൻ ലിങ്ക് വഴി നിങ്ങളുടെ സ്കൂൾ കോഡ് എന്റർ ചെയ്ത് ചെല്ലാൻ ജനറേറ്റ് ചെയ്ത് എസ്.ബി.ഐ യുടെ ഏത് ശാഖ വഴിയും തുക അടയ്ക്കാവുന്നതാണ്. എല്ലാ സ്കൂളുകൾക്കും 31/08/2019 ന് മുമ്പായി ചെലാൻ എടുത്ത് പണം അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിനുള്ള നിർദ്ദേശം അടിയന്തിരമായി അതാത് വിദ്യാഭ്യാസ ഓഫീസർമാർ നൽകേണ്ടതാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് അടയ്ക്കുന്ന കലോത്സവ ഫണ്ടിന്റെ സബ്ജില്ലയ്ക്കും, ജില്ലയ്ക്കും ഉള്ള വിഹിതം അതാത് എ.ഇ.ഒ/ഡി.ഡി.ഇ-മാരുടെ അക്കൗണ്ടുകളിലേയ്ക്ക് ഈ ഓഫീസിൽ നിന്ന് നിക്ഷേപിക്കുന്നതാണ്. ഓൺലൈൻ ലിങ്ക് ചുവടെ ചേർക്കുന്നു.

**https://www.onlinesbi.com/sbicollect/icollecthome.htm?corpID=805180**

നിലവിൽ സ്കൂൾ പ്രഥമാദ്ധ്യാപകർ തുക ഡി.ഡി.ഇ./ഡി.ഇ.ഒ./എ.ഇ.ഒ. ഓഫീസിൽ നേരിട്ട് നൽകിയിട്ടുണ്ടെങ്കിൽ ഈ തുക ഡി.ഡി.ഇ./ഡി.ഇ.ഒ./എ.ഇ.ഒ. മാർ സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് തിരികെ നൽകി മേൽ പറഞ്ഞ ലിങ്ക് വഴി ഓൺലൈനായി തുക അടയ്ക്കുവാൻ നിർദ്ദേശം നൽകേണ്ടതാണ്.

അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അവരുടെ കീഴിൽ വരുന്ന എല്ലാ സ്കൂളുകളിൽ നിന്നും കുട്ടികളുടെ എണ്ണം കണക്കാക്കി കലോത്സവ ഫണ്ട് ഓൺലൈനായി നൽകിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇതു സംബന്ധിച്ചുള്ള സർക്കുലർ വിദ്യാഭ്യാസ ഓഫീസർമാർ എല്ലാ സ്കൂളുകൾക്കും നൽകേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾക്കും കലോത്സവ മാന്വൽ വ്യവസ്ഥകൾക്ക് വിധേയമായും, ,സമയബന്ധിതമായും, പരാതിരഹിതമായും മേളകൾ സംഘടിപ്പിക്കുന്നതിന് വിദ്യാഭ്യാസ ആഫീസർമാർ അതീവ ജാഗ്രത പുലർത്തേണ്ടതാണ്. എല്ലാ സബ്ജില്ലാ, ജില്ലാതല കലോത്സവ നടത്തിപ്പ് സംബന്ധിച്ച വരവുചെലവ് കണക്കുകളും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ആഡിറ്റിന് വിധേയമാക്കുന്നതാണെന്നുള്ളതിനാൽ കണക്കുകൾ തയ്യാറാക്കുന്നതിൽ കൃത്യതയും ജാഗ്രതയും പാലിക്കേണ്ടതാണ് എന്ന് അറിയിക്കുന്നു.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ പ്രിൻസിപ്പാൾമാർക്കും (ഡി.ഡി.ഇ മുഖേന)
4. കരുതൽ ഫയൽ